# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 557 05.07.2013 - ലെ മറുപടിയ്ക്ക്

## സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിന് സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ബെന്നി ബെഹനാൻ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ കെട്ടിടങ്ങളിൽ അംഗ വൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പൊതുമരാമത്ത് വകുപ്പ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) സംസ്ഥാനത്തെ സർക്കാർകെട്ടിടങ്ങളിൽ അംഗ വൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിന്, ലിഫ്റ്റ്, റാമ്പ് മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തി ക്കൊണ്ടിരിക്കുകയാണ്. |
| (ബി) പുതുതായി നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങൾക്ക് ഇത്തരം സൗകര്യങ്ങൾ നിർബന്ധമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ;<br>(സി) അംഗവൈകല്യമുള്ളവർ ഉൾപ്പെടെയുള്ള സന്ദർശകർക്ക് പ്രാഥമിക സൗകര്യം ഒരുക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;<br>(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് വിശദാംശങ്ങൾ എന്തെല്ലാം ? | (ബി) & (സി) & (ഡി) പുതുതായി നിർമ്മിക്കുന്ന എല്ലാ സർക്കാർ കെട്ടിടങ്ങളിലും ഇത്തരം സൗകര്യങ്ങളും പ്രത്യേക ടോയ്‌ലറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നത് നിർബന്ധമാക്കിക്കൊണ്ട് 10.04.2012 ലെ സ.ഉ.(കയ്യെഴുത്ത്) നം.35/2012/ പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുവേണ്ടി കെട്ടിടങ്ങളുടെ ഡിസൈനുകളിൽ സമുചിതമായ മാറ്റങ്ങൾ വരുത്തേണ്ടതും കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്ന സാമ്പത്തിക സഹായം ഇക്കാര്യത്തിൽ ഉപയോഗിക്കേണ്ടതുമാണെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ